# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2643 — 20.06.2013 ൽ മറുപടിയ്ക്ക്

### സ്കൂൾ അപ്ഗ്രഡേഷന് പദ്ധതി

**ചോദ്യം**

ശ്രീ.കെ. അച്യുതൻ
ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ. കെ. ശിവദാസൻ നായർ

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് സ്കൂൾ അപ്ഗ്രഡേഷൻ നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങളെന്തെല്ലാം?

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ), (ബി), (സി) & (ഡി)

സംസ്ഥാനത്ത് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയുള്ള പ്രദേശങ്ങളിലുള്ള സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സ.ഉ. (പി) 98/2012/പൊ.വി. തീയതി 28.03.2012 പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് സർക്കാർ വിശദമായ ഉത്തരവ് ഇനിയും പുറപ്പെടുവിച്ചിട്ടില്ല. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഭാവിയിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ ഉയർത്തുന്നതിനും കഴിയുകയുള്ളൂ. സംസ്ഥാനത്ത് വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന സ്കൂൾ മാപ്പിംഗ് അന്തിമ ഘട്ടത്തിലാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ചുമതലയിലാണ് സ്ക്കൂൾ മാപ്പിംഗ് നടത്തുന്നത്. സ്ക്കൂൾ

മാപ്പിംഗ് പൂർത്തിയാക്കിയശേഷം മാത്രമേ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയുള്ള പ്രദേശങ്ങളിൽ പുതുതായി സ്കൂൾ അനുവദിക്കുകയോ നിലവിലു-ള്ളവ ഉയർത്തുകയോ ചെയ്യുന്ന കാര്യം പരിഗണിക്കാനാവൂ. ഇപ്രകാരം പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ ഉയർത്തുന്നതിനും കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V ചട്ടം 2, 2എ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ